**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1453 — 03.10.2016 ൽ മറുപടിക്ക്

## ആരോഗ്യവകുപ്പ് ഡയറക്ടറേറ്റുകളിലെ തീർപ്പാകാത്ത ഫയലുകൾ

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റുകളിലെ പല സെക്ഷനുകളിലും ഫയൽ നടപടികൾ തീർപ്പാകാതെ കിടക്കുന്നകാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | ഇവിടങ്ങളിൽ ലഭ്യമാകുന്ന തപാലുകൾ എത്ര ദിവസത്തിനകം സെക്ഷനിൽ നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കോടതി കേസ്സുകൾ, സർക്കാർ കത്തുകൾ, മനുഷ്യാവകാശ കമ്മീഷനുമായി ബന്ധപ്പെട്ട കേസ്സുകൾ, മറ്റ് അടിയന്തിര പ്രാധാന്യമുള്ള തപാലുകൾ എന്നിവ അതാത് ദിവസവും മറ്റ് സാധാരണ തപാലുകൾ 2 ദിവസത്തിനകവും ബന്ധപ്പെട്ട സെക്ഷനിൽ നൽകുന്നുണ്ട്. |
| (സി) | സെക്ഷൻ സൂപ്രണ്ട്, ക്ലാർക്ക് എന്നിവരുടെ അഭാവത്തിൽ ഫയൽ സബ്മിറ്റ് ചെയ്യാൻ അതാത് സെക്ഷനുകളിലെ സീനിയർ ജീവനക്കാരെയും ക്ലാർക്കുമാരെയും ചുമതലപ്പെടുത്തി നൽകാൻ എന്തെങ്കിലും തടസ്സം ഉണ്ടോ; | (സി) | സെക്ഷനിലെ സൂപ്രണ്ട്, ക്ലാർക്ക് എന്നിവരുടെ അഭാവത്തിൽ പകരം ചുമതലയുള്ളവർ ഫയലുകൾ കൈകാര്യം ചെയ്യുകയും മേൽ ഉദ്യോഗസ്ഥർക്ക് സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. |
| (ഡി) | മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന് ഉൾപ്പെടെയുള്ള അപേക്ഷകൾ മാസങ്ങളായി തീർപ്പാകാതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (ഡി) | റീ ഇംബേഴ്സ്മെന്റ് അപേക്ഷയോടൊപ്പം ലഭിക്കുന്ന ബില്ലുകൾ പരിശോധിച്ച് ഓരോ മരുന്നുകൾക്കും അനുവദിക്കാവുന്ന തുക രേഖപ്പെടുത്തി ആ അപേക്ഷയിൽ ആകെ അനുവദിക്കേണ്ട തുക നിശ്ചയിച്ച് നൽകേണ്ട ചുമതല ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. ലഭ്യമാകുന്ന അപേക്ഷകളുടെ എണ്ണത്തിലുള്ള വർദ്ധനവും ജീവനക്കാരുടെ അപര്യാപ്തതയും കാരണം ബോധപൂർവ്വമല്ലാത്ത കാലതാമസം അനുഭവപ്പെടാറുണ്ട്. |
| (ഇ) | പ്രസ്തുത അപേക്ഷകളിൽ ഡി.എച്ച്.എസ് ജീവനക്കാരുടെ അപേക്ഷകളിൽ, മറ്റ് വകുപ്പുകളെ അപേക്ഷിച്ച് എത്ര കാലതാമസമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) | ലഭിക്കുന്ന അപേക്ഷകളിൽ വകുപ്പ്ഭേദമെന്യേ നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ